# തോട്ടുവ ശ്രീധന്വന്തരി ക്ഷേത്രം


**കൂവപ്പടി പി.ഒ., എറണാകുളം ജില്ല – 683 544**

Ph : 0484-2641485 | thottuvadhanwantharitemple@gmail.com | www.dhanwantharitemple.com




# നവീകരണ കലശവും
# ധ്വജപ്രതിഷ്ഠയും

**2023 ജനുവരി 20 മുതൽ 30 (1198 മകരം 6 മുതൽ 16) വരെ**

2023 ജനുവരി 20 വെള്ളി
**നവീകരണ കലശാരംഭം**

2023 ജനുവരി 27 വെള്ളി
**ദേവപ്രതിഷ്ഠ**

2023 ജനുവരി 29 (1198 മകരം 15) ഞായർ
**ധ്വജപ്രതിഷ്ഠ** രാവിലെ 4 ന് ശേഷം

2023 ജനുവരി 30 മുതൽ ഫെബ്രുവരി 4 വരെ
## തിരുവുത്സവം

2023 ഫെബ്രുവരി 3 വെള്ളി — **വലിയവിളക്ക്**

2023 ഫെബ്രുവരി 4 ശനി — **ആറാട്ട്**

# തോട്ടുവ ശ്രീധന്വന്തരി ക്ഷേത്രം

ഓം നമോ ധന്വന്തരേ
സർവ്വ രോഗ വിനാശക
നിത്യം ദേവ നമോസ്തുതേ
നാരായണ ഭജാമ്യഹം!



ഭക്തജനങ്ങളെ,

അതിപുരാതനവും, ദേവചൈതന്യംകൊണ്ട് അനുഗ്രഹീതവും പ്രസിദ്ധവുമായ തോട്ടുവ ശ്രീധന്വന്തരി ഭക്തരുടെ ചിരകാല അഭിലാഷമായിരുന്ന സ്ഥിരധ്വജം എന്ന മോഹം സഫലമാവുകയാണ്. 2023 ജനുവരി 20 (1198 മകരം 6) ക്ഷേത്രം തന്ത്രി **കിടങ്ങശ്ശേരി തരണനല്ലൂർ രാമൻ നമ്പൂതിരിപ്പാടിന്റെ** മുഖ്യ കാർമ്മികത്വത്തിൽ **നവീകരണകലശ ചടങ്ങുകൾ** ആരംഭിച്ച് ജനുവരി 27 (മകരം 13) **ദേവപ്രതിഷ്ഠയും** ജനുവരി 28 (മകരം14) ന് **പരിവാര പ്രതിഷ്ഠയും**, ജനുവരി 29 (മകരം 15) ന് **ധ്വജപ്രതിഷ്ഠയും**, ജനുവരി 30 (മകരം 16) ന് രാവിലെ നടതുറന്ന് കലശചടങ്ങുകൾക്ക് ശേഷം ദക്ഷിണ സമർപ്പണത്തോടെ ചടങ്ങുകൾ പര്യവസാനിക്കും. വൈകിട്ട് **പഞ്ചലോഹ ധ്വജത്തിൽ** കൊടിയേറി **തിരുവുത്സവ** ചടങ്ങുകൾക്ക് ആരംഭംകുറിച്ച് ഫെബ്രുവരി 3 (വെള്ളിയാഴ്ച) **വലിയവിളക്കും** ഫെബ്രുവരി 4ന് ആറാട്ടോടുകൂടി തിരുവുത്സവം സമാപിക്കുകയുമാണ്.

**ആയുർവേദ കുലോദ്ധാരകനായ സാക്ഷാൽ ശ്രീധന്വന്തരി മൂർത്തിയുടെ തിരുസന്നിധിയിൽ നടക്കുന്ന നവീകരണകലശ- ധ്വജപ്രതിഷ്ഠ, തിരുവുത്സവം** എന്നീ ചടങ്ങുകളിൽ പങ്കെടുത്ത് ഭഗവാന്റെ അനുഗ്രഹത്തിന് പാത്രീഭൂതരാകുവാൻ എല്ലാ ഭക്തജനങ്ങളോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഒരു മനുഷ്യായുസ്സിൽ അപൂർവ്വമായി മാത്രം ലഭിക്കുന്ന ധ്വജപ്രതിഷ്ഠാചടങ്ങുകളിൽ സംബന്ധിച്ച് കുടുംബത്തിന്റെയും നാടിന്റെയും ചൈതന്യത്തിനും അഭിവൃദ്ധിക്കുമായി ഈ പുണ്യകർമ്മങ്ങളിൽ പങ്കാളികളാവുകയും ഈ ഉദ്യമത്തിന്റെ വിജയത്തി നുവേണ്ടി എല്ലാ ഭക്തജനങ്ങളുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങളും മഹനീയ സാന്നിദ്ധ്യവും ഉണ്ടാകണമെന്ന് ഭഗവത് നാമത്തിൽ അഭ്യർത്ഥിക്കുന്നു.

എന്ന്,

തോട്ടുവ, 30.12.2022

ക്ഷേത്രം ട്രസ്റ്റിനുവേണ്ടി
പ്രസിഡന്റ്/സെക്രട്ടറി

## നവീകരണകലശ ചടങ്ങുകൾ

| | | |
|---|---|---|
| **ഒന്നാം ദിവസം (20.01.2023)**<br>1198 മകരം 6 വെള്ളി | **വൈകിട്ട്** | ആചാര്യവരണം, അനുജ്ഞയ്ക്കും പ്രതിഷ്ഠക്കുമുള്ള മുളയിടൽ (അങ്കുരാർപ്പണം), പ്രാസാദശുദ്ധി, രാക്ഷോഘ്ന ഹോമം, വാസ്തു ഹോമം, വാസ്തു കലശപൂജ, വാസ്തുബലി, വാസ്തു കലശാഭിഷേകം, വാസ്തു പുണ്യാഹം, അത്താഴപൂജ. |
| **രണ്ടാം ദിവസം (21.01.2023)**<br>1198 മകരം 7 ശനി | **രാവിലെ** | മുളപൂജ, ചതുഃശുദ്ധി, ധാര, പഞ്ചഗവ്യം, പഞ്ചകം എന്നീ ബിംബശുദ്ധി കലശ പൂജകളും കലശാഭിഷേകവും |
| | **വൈകിട്ട്** | സ്ഥലശുദ്ധി, മുളപൂജ, അത്താഴപൂജ |
| **മൂന്നാം ദിവസം (22.01.2023)**<br>1198 മകരം 8 ഞായർ | **രാവിലെ** | മുളപൂജ, പ്രായശ്ചിത്തഹോമം, സ്വശാന്തി ഹോമം, ഹോമകലശാഭിഷേകം, ഉച്ചപൂജ, **മുക്കുടി നിവേദ്യം, തിരുവോണം ഊട്ട്** |
| | **വൈകിട്ട്** | സ്ഥലശുദ്ധി, മുളപൂജ, അത്താഴപൂജ |
| **നാലാം ദിവസം (23.01.2023)**<br>1198 മകരം 9 തിങ്കൾ | **രാവിലെ** | മുളപൂജ, ചോരശാന്തിഹോമം, നായശാന്തി ഹോമം, അത്ഭുതശാന്തിഹോമം, ഹോമകലശാഭിഷേകങ്ങൾ, ഉച്ചപൂജ. |
| | **വൈകിട്ട്** | ചതുർത്ഥ കലശത്തിന് മുളയിടൽ, മുളപൂജ, സ്ഥലശുദ്ധി, അത്താഴ പൂജ. |
| **അഞ്ചാം ദിവസം (24.01.2023)**<br>1198 മകരം 10 ചൊവ്വ | **രാവിലെ** | തത്ത്വഹോമം, വലിയപാണി, തത്ത്വകലശാഭിഷേകം (ദർശന പ്രാധാന്യം) മുളപൂജ, അനുജ്ഞാകലശത്തിനുള്ള ഒരുക്കങ്ങൾ |
| | **വൈകിട്ട്** | മുളപൂജ, കുംഭേശ-കർക്കരി പൂജ, ബ്രഹ്മകലശ പൂജ, പരികലശപൂജ, അധിവാസ ഹോമം, കലശം അധിവസിച്ച് പൂജ, അത്താഴപൂജ. |
| **ആറാം ദിവസം (25.01.2023)**<br>1198 മകരം 11 ബുധൻ | **രാവിലെ** | മുളപൂജ, കലശത്തിങ്കൽ രക്ഷവിടർത്തി പൂജ, പരികലശാഭിഷേകം, വലിയപാണി, അനുജ്ഞാകലശാഭിഷേകം, അവസ്രുവ പ്രോക്ഷണം, അനുജ്ഞാബലി |
| | **വൈകിട്ട്** | മുളപൂജ, ബിംബശുദ്ധി കലശപൂജ, സ്ഥലശുദ്ധി, അത്താഴപൂജ. |
| **ഏഴാം ദിവസം (26.01.2023)**<br>1198 മകരം 12 വ്യാഴം | **രാവിലെ** | മുളപൂജ, കുംഭേശ-കർക്കരി പൂജ, ശയ്യാപൂജ, നിദ്രാകലശപൂജ, അഗ്നിജനനം, സംഹാരതത്ത്വഹോമം, തത്ത്വകലശപൂജ, സംഹാരപാണി, സങ്കോചദാനം, ധ്യാനസങ്കോചം, തത്ത്വകലശാഭിഷേകം, ജീവകലശപൂജ, ജീവോദ്വാസന, ജീവകലശ ശയ്യയിൽ എഴുന്നള്ളിക്കൽ. |
| | **വൈകിട്ട്** | ശുദ്ധപുണ്യാഹം, ശുദ്ധിക്രിയകൾ, ബിംബശുദ്ധി കലശാഭിഷേകം, മുളപൂജ, ധാന്യാധിവാസം (ജീവകലശത്തിലും ബിംബത്തിലും), പീഠാധിവാസം, ശിരസ്തത്ത്വാധിവാസ ഹോമം, ചക്രാബ്ജപൂജ, ഗോദോഹനം, ശാന്തിഹോമം, വൈശ്വദേവം കാൽകഴുകിച്ചൂട്ട്, ദിക്ബലി. |
| **എട്ടാം ദിവസം (27.01.2023)**<br>1198 മകരം 13 വെള്ളി | **രാവിലെ** | മുളപൂജ, ജീവകലശത്തിൽ രക്ഷവിടർത്തി പൂജ, പ്രാസാദ പ്രതിഷ്ഠ, നാന്ദിമുഖം പുണ്യാഹം, നപുംസക ശിലാപ്രതിഷ്ഠ, രത്നന്യാസം, വലിയപാണി, ജീവകലശം എഴുന്നള്ളിക്കൽ, വിദ്വേശ്വര കലശ പ്രോക്ഷണം, പീഠപ്രതിഷ്ഠ, പരിവാഹന, അവസ്ഥാവാഹന, മന്ത്രാവാഹന, ദാനമുഹൂർത്തം, (രാവിലെ 9.40 ന് ശേഷമുള്ള ശുഭമുഹൂർത്തം) **ദേവപ്രതിഷ്ഠ** കുംഭേശാഭിഷേകം, നിദ്രാകലശാഭിഷേകം, **ജീവകലശാഭിഷേകം**, അഷ്ടബന്ധന്യാസം, പ്രതിഷ്ഠാർത്ഥം പൂജ, പ്രതിഷ്ഠാബലി, പ്രതിഷ്ഠാദക്ഷിണ. വാഹനപരിഗ്രഹം, ധ്വജപരിഗ്രഹം, വാഹനജലാധിവാസം |
| | **വൈകിട്ട്** | മണ്ഡപത്തിൽ വിളക്ക് വച്ച് നിയമം നിശ്ചയിച്ച് നട അടയ്ക്കൽ, മുളപൂജ, മണ്ഡപത്തിൽ അത്താഴപൂജ. |
| **ഒമ്പതാം ദിവസം (28.01.2023)**<br>1198 മകരം 14 ശനി | **രാവിലെ** | മുളപൂജ, **പരിവാര പ്രതിഷ്ഠ**, മണ്ഡപത്തിൽ എതൃത്തപൂജ, പത്മമിട്ട് ശയ്യവിരിച്ച് ശയ്യാപൂജ, കുംഭേശപൂജ. |
| | **വൈകിട്ട്** | വാഹനശുദ്ധികലശം, വാഹനം ശയ്യയിൽ എഴുന്നള്ളിച്ച് വാഹനാധിവാസം, ധ്വജാധിവാസം, മണ്ഡപത്തിൽ അത്താഴപൂജ. |

**പത്താം ദിവസം (29.01.2023)**
**1198 മകരം 15 ഞായർ**

രാവിലെ 8 മണിക്ക് ശേഷമുള്ള ശുഭമുഹൂർത്തത്തിൽ **ധ്വജപ്രതിഷ്ഠ** | **മേജർസെറ്റ് പഞ്ചവാദ്യം** | **അന്നദാനം**

**രാവിലെ** : മുളപൂജ, പ്രായശ്ചിത്ത ഹോമം, സ്വശാന്തി ഹോമം, മണ്ഡപത്തിൽ എതൃത്തപൂജ, വാഹനത്തിങ്കൽ രക്ഷവിടർത്തിപൂജ, വാഹനം ശയ്യയിൽ എഴുന്നള്ളിച്ച് ധ്വജത്തിങ്കൽ ചെന്ന് 8 മണിക്ക് ശേഷം **ധ്വജപ്രതിഷ്ഠ**, മണ്ഡപത്തിൽ ഉച്ചപൂജ, ചതുർത്ഥകലശപൂജക്ക് പത്മമിട്ട് ഒരുക്കൽ **വൈകിട്ട്** : ബ്രഹ്മകലശപൂജ, കുംഭേശകർക്കരി പൂജ, പരികലശപൂജ, അധിവാസ ഹോമം, അധിവസിച്ച് പൂജ, മണ്ഡപത്തിൽ അത്താഴപൂജ.

**പതിനൊന്നാം ദിവസം (30.01.2023)**
**1198 മകരം 16 തിങ്കൾ**

**രാവിലെ** : കലശത്തിങ്കൽ രക്ഷവിടർത്തിപൂജ, തത്വഹോമം, വെളുപ്പിന് നാലുമണിക്ക് **നടതുറന്ന് കണികാണിക്കൽ**, പായസ നിവേദ്യം, തത്വഹോമത്തിനുശേഷം വലിയപാണി, തത്വകലശം അകത്തേക്ക് എഴുന്നള്ളിച്ച് തത്വകലശാഭിഷേകം, പൂജയ്ക്ക് ശേഷം പരികലശാഭിഷേകം, വലിയപാണി, ബ്രഹ്മകലശം അകത്തേക്ക് എഴുന്നള്ളിച്ച് കലശാഭിഷേകം ഉച്ചപൂജ, അവസ്രുവ പ്രോക്ഷണം, ശ്രീഭൂതബലി, **ദക്ഷിണ സമർപ്പണം**, **അന്നദാനം**

**വൈകിട്ട്** : **തൃക്കൊടിയേറ്റ്**





നമാമി ധ്വന്വന്തരിമാദിദേവം
സുരാ സുരൈർ വന്ദിത പാദപത്മം
ലോകേ ജരാ രുഗ് ഭയമൃത്യു നാശം
ധാതാരമീശം വിവിധൗഷധീനാം!

# തോട്ടുവ ശ്രീധന്വന്തരി ക്ഷേത്രം

**2023 ജനുവരി 29 (1198 മകരം 15) ഞായർ**

## ധ്വജപ്രതിഷ്ഠ

(രാവിലെ 8 മണിക്ക് ശേഷമുള്ള ശുഭമുഹൂർത്തത്തിൽ)

**മേജർസെറ്റ് പഞ്ചവാദ്യം**

**ആദരിക്കൽ ചടങ്ങ്**

സാന്നിദ്ധ്യം : **ബ്രഹ്മശ്രീ. കെടങ്ങശ്ശേരി തരണനല്ലൂർ രാമൻ നമ്പൂതിരിപ്പാട്** (ക്ഷേത്രം തന്ത്രി)
: **ശ്രീ. പ്രദീപ് ചോലയിൽ** (MD, ചോലയിൽ ഗ്രൂപ്പ്)

സാന്നിദ്ധ്യം : **ശ്രീ. വേഴപ്പറമ്പ് പരമേശ്വരൻ നമ്പൂതിരി** (വാസ്തു ആചാര്യൻ)
: **ശ്രീ. രാജഗോപാല മേനോൻ** (മുഖ്യ ഉപദേഷ്ടാവ്)
: **ശ്രീ. ശശി ആചാരി കോഴിക്കോട്** (അർണ്ണവൃക്ഷം ഒരുക്കൽ)
: **ശ്രീ. സുരേഷ് മാന്നാർ** (കൊടിമര ശിൽപി)
: **ശ്രീ. വേണുഗോപാൽ തൊടുപുഴ** (ഔഷധ തൈലം തയ്യാറാക്കിയത്)

തുടങ്ങി ധ്വജപ്രതിഷ്ഠയുമായി ബന്ധപ്പെട്ട വിശിഷ്ട വ്യക്തികളെ ആദരിക്കുന്നു.

## പഞ്ചലോഹ ധ്വജസ്തംഭത്തിൽ കൊടിയേറി

# തിരുവുത്സവം

**2023 ജനുവരി 30 മുതൽ ഫെബ്രുവരി 4 വരെ**

### 1–ാം ദിവസം — 2023 ജനുവരി 30 തിങ്കൾ (1198 മകരം 16)

വൈകിട്ട് 5.00 ന് : നടതുറപ്പ്
6.30 ന് : **ദീപാരാധന**
ശേഷം **തൃക്കൊടിയേറ്റ്**
(ക്ഷേത്രം തന്ത്രി കെടങ്ങശ്ശേരി തരണനെല്ലൂർ രാമൻ നമ്പൂതിരി)
കൊടിക്കയറും കൊടിക്കൂറയും സമർപ്പണം : ആർട്ട് ഓഫ് ലിവിംഗ് കാലടി ആശ്രമം (തോട്ടുവ)
8.00 ന് : ശ്രീഭൂതബലി, അത്താഴപൂജ

### 2–ാം ദിവസം — 2023 ജനുവരി 31 ചൊവ്വ (1198 മകരം 17)

രാവിലെ 4.00 ന് : പള്ളിയുണർത്തൽ
4.30 ന് : നടതുറപ്പ്, നിർമ്മാല്യദർശനം, ഗണപതിഹോമം, അഭിഷേകം
6.00 ന് : ഉഷഃപൂജ, എതൃത്തപൂജ
8.00 ന് : പന്തീരടി, നവകം, പഞ്ചഗവ്യം, ശ്രീഭൂതബലി, ശീവേലി
11.30 ന് : ഉച്ചപൂജ
വൈകിട്ട് 5.00 ന് : നടതുറപ്പ്
6.30 ന് : **ദീപാരാധന**
8.00 ന് : അത്താഴപൂജ, ശ്രീഭൂതബലി
**വിളക്കിനെഴുന്നള്ളിപ്പ്**

### 3–ാം ദിവസം — 2023 ഫെബ്രുവരി 1 ബുധൻ (1198 മകരം 18)

ക്ഷേത്ര ചടങ്ങുകൾ മുൻദിവസങ്ങളിലെപ്പോലെ
8.00 ന് : പന്തീരടി, നവകം, പഞ്ചഗവ്യം, ശ്രീഭൂതബലി, ശീവേലി
10.30 ന് : ഉച്ചപൂജ
വൈകിട്ട് 5.00 ന് : നടതുറപ്പ്
6.30 ന് : **ദീപാരാധന**
8.00 ന് : അത്താഴപൂജ, ശ്രീഭൂതബലി
**വിളക്കിനെഴുന്നള്ളിപ്പ്**

### 4–ാം ദിവസം — 2023 ഫെബ്രുവരി 2 വ്യാഴം (1198 മകരം 19)

ക്ഷേത്ര ചടങ്ങുകൾ മുൻദിവസങ്ങളിലെപ്പോലെ
8.00 ന് : പന്തീരടി, നവകം, പഞ്ചഗവ്യം, ശ്രീഭൂതബലി, ശീവേലി
10.30 ന് : ഉച്ചപൂജ
വൈകിട്ട് 5.00 ന് : നടതുറപ്പ്
6.30 ന് : **ദീപാരാധന**
8.00 ന് : അത്താഴപൂജ, ശ്രീഭൂതബലി
**വിളക്കിനെഴുന്നള്ളിപ്പ്**

### 5–ാം ദിവസം — 2023 ഫെബ്രുവരി 3 വെള്ളി (1198 മകരം 20)

## വലിയവിളക്ക്

രാവിലെ 4.00 ന് : പള്ളിയുണർത്തൽ
4.30 ന് : നടതുറപ്പ്, നിർമ്മാല്യദർശനം, ഗണപതിഹോമം, അഭിഷേകങ്ങൾ
6.00 ന് : ഉഷഃപൂജ
6.30 ന് : എതൃത്തപൂജ, പന്തീരടി, നവകം, പഞ്ചഗവ്യം, ശ്രീഭൂതബലി
8.00 ന് : **ശ്രീബലി എഴുന്നള്ളിപ്പ്**
(കളഭകേസരി തോട്ടുചാലിൽ ബോലോനാഥ് തോട്ടുവ തേവരുടെ തിടമ്പേറ്റുന്നു)
: **നാദസ്വരം**
: **പഞ്ചാരിമേളം**
: ഉച്ചപൂജ
12.30 ന് : പ്രസാദ ഊട്ട്
വൈകിട്ട് 6.30 ന് : **ദീപാരാധന**
മേജർസെറ്റ് പഞ്ചവാദ്യം
8.00 ന് : അത്താഴപൂജ, ശ്രീഭൂതബലി
9.00 ന് : **വലിയവിളക്ക്**
മേളം, കേളിപറ്റ്, പഞ്ചവാദ്യം



### 6–ാം ദിവസം — 2023 ഫെബ്രുവരി 4 ശനി (1198 മകരം 21)

## ആറാട്ട്

രാവിലെ 4.00 ന് : പള്ളിയുണർത്തൽ
4.30 ന് : നടതുറപ്പ്, നിർമ്മാല്യദർശനം, **ഗണപതിഹോമം, അഭിഷേകം**
7.00 ന് : **ആറാട്ടിനെഴുന്നള്ളിപ്പ്**
തുടർന്ന് വാദ്യമേളങ്ങളോടും പൂത്താലങ്ങളോടും കൂടി ആറാട്ടു കടവിൽ നിന്നും ആറാടി എഴുന്നള്ളത്ത്
: **പാണ്ടിമേളം**
: **കൊടിക്കീഴിൽ പറ** (പ്രാധാന്യം)
: ഇറക്കി എഴുന്നള്ളിപ്പ്, കൊടിയിറക്കൽ, കലശാഭിഷേകം, ഉച്ചപൂജ
12.30 ന് : പ്രസാദ ഊട്ട്

സംഭാവനകളും വഴിപാടുകളും അയക്കേണ്ടവിലാസം :
സെക്രട്ടറി, ശ്രീധന്വന്തരിക്ഷേത്രം
തോട്ടുവ, കൂവപ്പടി പി.ഒ. എറണാകുളം ജില്ല, പിൻ–683 544

Bank Details : PUNJAB NATIONAL BANK
Branch : PERUMBAVOOR
A/c No. : 4339002100021739
IFSC PUNB0433900

### ഭക്തജനങ്ങൾക്ക് താഴെ പറയുന്നവ വഴിപാടായി സമർപ്പിക്കാവുന്നതാണ്

ഒരു പാട്ട എണ്ണ 2000 രൂപ
അരപ്പാട്ട എണ്ണ 1000 രൂപ
ഒരു ദിവസത്തെ അഹസ് 3000 രൂപ
ഒരു ദിവസത്തെ പൂജ 1500 രൂപ

**അന്നദാനം 15000 രൂപ / 7500 രൂപ**

**പ്രധാന വഴിപാടുകൾ** : പഴം വെണ്ണ നിവേദ്യം, ധന്വന്തരി മന്ത്രാർച്ചന, സർവ്വ രോഗശമന മന്ത്രം, ധന്വന്തരി പൂജ, ധന്വന്തരി ഹോമം, ചേന ഉപ്പ് സമർപ്പണം, അട്ടയും കുഴമ്പും, പാളയും കയറും, മുഴുക്കാപ്പ് നിറമാല ചുറ്റുവിളക്ക്, ദശാവതാരങ്ങൾ, തുലാഭാരം

### ഈ പുണ്യയജ്ഞത്തിൽ ഭക്തജനങ്ങൾക്ക് സമർപ്പിക്കാവുന്ന ദ്രവ്യങ്ങളും പങ്കുചേരാവുന്ന ഹോമങ്ങളും

1. തത്വഹോമം – 5001 രൂപ
2. തത്വകലശം – 8001 രൂപ
3. ബ്രഹ്മകലശം – 10001 രൂപ
4. ജീവകലശം – 4001 രൂപ
5. സഹസ്രകലശം (ഒന്നിന്)– 1001 രൂപ

അച്യുതാനന്ദ ഗോവിന്ദ
വിഷ്ണോ നാരായണാമൃത
രോഗാൻ മേ നാശയാശേഷ
ആശു ധന്വന്തരേ ഹരേ!



## ധ്വജലക്ഷണം

ഗർഭഗ്രഹദ്വാരത്തിന്റെ ഉയരത്തെ നാലോ അഞ്ചോ ആറോ ആക്കി ഭാഗിച്ച് അതിൽ ഒരംശം കടവിസ്താരവും അതിൽ കുറഞ്ഞ കടവണ്ണവും ആയി കൊടിമരത്തെ തയ്യാറാക്കണം. അത് പ്രാസാദത്തിങ്കൽ നിന്ന് തുടങ്ങി മുമ്പോട്ടു ദ്വാരനീളമാകുന്ന ദണ്ഡുകൊണ്ട് പന്ത്രണ്ട് ദണ്ഡു ചെന്നേടത്ത് സ്ഥാപിക്കുകയും വേണം. അതിന്റെ ഉയരം ദ്വാരത്തിന്റെ പത്തിരട്ടിയോ, പതിനഞ്ചിരട്ടിയോ, പതിനേഴിരട്ടിയോ, ഇരുപതിരട്ടിയോ ആയിരിക്കണം. അതിന്റെ അഗ്രത്തിൽ തന്റെ വാഹനവും ദണ്ഡും, ചുവട്ടിൽ തറയും ഉണ്ടായിരിക്കുകയും വേണം.

ഗർഭഗ്രഹമദ്ധ്യത്തിൽ നിന്ന് അഞ്ചോ, ആറോ, ഏഴോ ഉത്തരദണ്ഡുചെന്നേടത്തും ധ്വജത്തെ സ്ഥാപിക്കാം. എന്നാൽ ഈ ദണ്ഡറുതി ധ്വജത്തിന്റെ വ്യാസത്തെ അഞ്ചാക്കി അംശിച്ചു അതിൽ രണ്ടംശം പുറത്തും മൂന്നംശം അകത്തും വരുമാറോ, ധ്വജത്തിന്റെ വണ്ണം മുഴുവനും പുറത്തുവരുന്ന വിധത്തിലോ ആയിരിക്കുകയും വേണം. ഏഴ്, ഒൻപത്, പത്ത്, പതിനൊന്ന്,പന്ത്രണ്ട്, പതിമൂന്ന് എന്നീ ദ്വാരനീളത്തോളമോ പ്രാസാദത്തിന്റെ താഴികക്കൂടത്തിന്റെ അഗ്രംവരെയോ ചുറ്റ് കൽപ്പിക്കുന്ന മാതിരി യോനിപ്പെടുത്തിയോ കൊടിമരത്തിന്റെ ഉയരത്തെ കൽപിക്കാം. അഗ്രവിസ്താരം കടവിസ്താരത്തിന്റെ എട്ടിലൊന്നോ ഒൻപതിലൊന്നോ പത്തിലൊന്നോ കുറഞ്ഞിരിക്കുകയും വേണം.

നാളം ഒരുദ്വാരനീളമോ ഒന്നരദ്വാരനീളമോ ആകാം. തറ ഒരു ദ്വാരനീളമോ, ഒരു കോലോ ഉയരത്തോടും ഈ ഉയരത്തിന്റെ ഒന്നരയോ ഒന്നേമുക്കാലോ, ഇരട്ടിയോ വിസ്താരത്തോടും കൂടിയിരിക്കണം. വേദികയ്ക്കു മൂന്നുദണ്ഡോ, ഒന്നരകാലോ, ദീർഘവും അരദണ്ഡ് ഉയരവും കല്പിക്കണം. അതിന്റെമുകൾ ഭാഗത്ത് പത്മവും അതിനുമേൽ ദിക്പാലകന്മാരും ഉണ്ടായിരിക്കണം.

പറകളും, വെണ്ടകളും കഴിഞ്ഞാൽ രണ്ടു ദണ്ഡുയരത്തിൽ മാലാസ്ഥാനം എന്ന അലങ്കാരത്തെ ഉണ്ടായിരിക്കണം. അവിടെ മാലകളെ തൂക്കിയിട്ടു അലങ്കരിക്കുകയും വേണം. അതിനുമേൽ ഒരു ദണ്ഡുയരത്തിൽ ഒന്നോ രണ്ടോ ലശുനം എന്ന അലങ്കാരത്തെയും പണിചെയ്യണം. അതിനുമീതെ ഒരു ദണ്ഡ്ഉയരവും രണ്ടു ദണ്ഡു വിസ്താരവുമായി കുംഭത്തെയും കുഭത്തിനുമേൽ ഒരു ദണ്ഡുയരത്തിൽ പത്മത്തെയും അതിനും മീതെ കാൽദണ്ഡ് കനമായി രണ്ടരയോ, മൂന്നോ ദണ്ഡുചതുരമായി ഇരിക്കുന്ന മണ്ഡിപ്പലകയെയും നിർമ്മിക്കണം.

ധ്വജാഗ്രത്തിലുള്ള വ്യാസത്തിന്റെ കർണ്ണത്തോളം സമമായ ചതുരശ്രമായിരിക്കണം വീരകാണ്ഡം ഈ വീരകാണ്ഡത്തിന്റെ വ്യാസത്തെ ദണ്ഡ് എന്നു പറയുന്നു. ഈ ദണ്ഡുകൊണ്ട് വേദിക മുതൽക്ക് കൊടിമരത്തിന്റെ എല്ലാ അലങ്കാരങ്ങളേയും നിശ്ചയിക്കേണ്ടത്. ദണ്ഡിന്റെ എട്ടിലൊന്നു കനവും, കനത്തിലിരട്ടി വിസ്താരവും ഗർഭഗൃഹദ്വാരത്തോളം നീളവും ആയിരിക്കുന്ന യഷ്ടി അഥവാ ദണ്ഡിനെ ധ്വജത്തിന്റെ അഗ്രത്തിൽ നിന്നും ഒരു ഗർഭഗൃഹദ്വാരത്തോളം കീഴ്പോട്ടിറക്കി, യഷ്ടിയുടെ വിസ്താരത്തോളം പുറത്തേയ്ക്ക് പുറപ്പെടുവിച്ച് ധ്വജത്തിന്മേൽ കർണ്ണമായി തുളച്ച് ചെലുത്തുകയും വേണം. ശിവനു കാളയും വിഷ്ണുവിനു ഗരുഡനും, ശങ്കരനാരായണന് കാളപ്പുറത്തുനിൽക്കുന്ന ഗരുഡനും, ഗണപതിക്ക് മഹാമൂഷികനും, അയ്യപ്പന് കുതിരയും, സുബ്രഹ്മണ്യന് മയിലും കോഴിയും, ഭഗവതിക്കു സിംഹവും, കൊടിമരത്തിങ്കലുള്ള അടയാളമാകുന്നു. ഇവ തന്നെയാണ് അതാതു ദേവന്മാരുടെ വാഹനങ്ങളാകുന്നതും. ഊർധ്വ പത്മത്തിൽ വരുന്ന ഇന്ദ്രൻ, അഗ്നി, യമൻ, നിരൃതി, വരുണൻ, വായു, സോമൻ, ഈശാനൻ എന്നിവയാണ് അഷ്ടദിക്പാലകർ. ഇത്രയും ധ്വജ ലക്ഷണം.

### ധ്വജസ്തംഭദർശനം പുണ്യം

ക്ഷേത്രത്തിലെ മുഖ്യദേവന് നൽകുന്ന അതേഭക്തിഭാവവും സമർപ്പണഭാവവും ധ്വജസ്തംഭത്തിനും നൽകുന്നു.

ചുരുക്കത്തിൽ ധ്വജസ്തംഭദർശനംപോലും പുണ്യദായകമാണ്. ശ്രീകോവിൽ അടച്ചിരിക്കുന്നുവെങ്കിൽപോലും കൊടിമരംകണ്ട് തൊഴുതാൽ ഭഗവത് പ്രസാദം ലഭിക്കുമെന്നാണ് വിശ്വാസം.

# അലങ്കാരഗോപുര നിർമ്മാണം

**പുരോഗമിച്ചു കൊണ്ടിരിക്കുന്ന അലങ്കാരഗോപുരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ യഥാശക്തി സംഭാവനകൾ നൽകി എല്ലാ ഭക്തജനങ്ങളും പങ്കാളികളാവുക.**




Best compliments from :

